(സി) ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏതാനും ചില ഹോസ്റ്റലുകൾ പൂട്ടിയിരിക്കുകയാണ്.

(ബി) ആറ്. ഇതിൽ 4 എണ്ണം വെൽഫെയർ ഹോസ്റ്റലുകളും രണ്ട് എണ്ണം കോസ്മോപോളിറ്റൻ ഹോസ്റ്റലുകളുമാണ്.

(സി) സ്വീകരിച്ചുവരുന്നു.

വൈക്കത്തെ ഹരിജൻ വിദ്യാർത്ഥിനികൾക്കുവേണ്ടി ഹോസ്റ്റൽ

10 (2388) ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ ഹരിജൻ വിദ്യാർത്ഥിനികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ പണിയുന്നതിനുള്ള തീരുമാനം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന് ആവശ്യമായ സ്ഥലം ഏടുത്തുകഴിഞ്ഞോ;

(സി) സ്ഥലം ഏറ്റെടുത്തു കഴിഞ്ഞെങ്കിൽ എന്നത്തേക്കു കെട്ടിടം പണി ആരംഭിക്കും?

ഉത്തരം

(എ) വൈക്കത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കു വേണ്ടി ഹോസ്റ്റൽ പണിയുന്നതിന് 56 സെൻറ് സ്ഥലം പൊന്നുംവിലക്കെടുക്കുവാൻ 22-2-86-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ, കെട്ടിടം പണി ആരംഭിക്കും.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആദിവാസികൾക്ക് വീടു വയ്ക്കുവാൻ നൽകിയ ധന സഹായം

11 (2392) ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എത്ര ആദിവാസികൾക്ക് വീടു വയ്ക്കാൻ ധന സഹായം നൽകി;

(ബി) ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം നൽകിയ തുകയെത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ ആദിവാസികൾക്ക് ഭൂമി വാങ്ങാൻ വായ്പ നൽകുന്നുണ്ടോ:

(ഡി) ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംഖ്യ നൽകി;

(ഇ) ഇതിൽ വയനാട് ജില്ലയിൽ കൊടുത്ത സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആദിവാസികളറിയാതെ അവർക്ക് ലഭിക്കേണ്ട സംഖ്യ തിരിമറി നടത്തിയതായി ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പ്രസ്തുത ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയോ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(എച്ച്) ഈ സംഭവത്തിൽ കുറ്റക്കാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 104

(ബി) മൊത്തം ചെലവാക്കിയത് 3,95,500 രൂപ. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം	..	18,000
പത്തനംതിട്ട	..	1,000
കോട്ടയം	..	25,500
ആലപ്പുഴ	..	3,500
ഇടുക്കി	..	15,500
എറണാകുളം	..	5,000
തൃശ്ശൂർ	..	5,000
പാലക്കാട്	..	9,500
കണ്ണൂർ	..	32,000
കാസർഗോഡ്	..	1,03,000
വയനാട്	..	1,77,500
ആകെ	..	3,95,500

(സി) ഉണ്ട്, എന്നാൽ ഫണ്ടില്ലാത്തതിനാൽ ഈ പദ്ധതി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ഡി,ഇ) 9,87,000. ഇതു മുഴുവനും വയനാട് ജില്ലയിലാണ് നൽകിയത്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്. ഇതേപ്പറ്റി വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി വരികയാണ്.

(എച്ച്) ഇതേപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതു കഴിഞ്ഞശേഷമേ കുറ്റക്കാർ ആരൊക്കെയാണെന്ന് വ്യക്തമാകുകയുള്ളൂ. കോർപ്പറേഷന്റെ വയനാട് റീജിയണൽ മാനേജരായിരുന്ന ശ്രീ. എം. വി. വാസുവിനെ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരനെന്നു കണ്ട് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

പട്ടികജാതിക്കാർക്കുള്ള ഉദ്യോഗസംവരണം 12 ശതമാനം ആക്കാനുള്ള നിർദ്ദേശം

12 (2396) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗസംവരണം 12 ശതമാനം ആയി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly